സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 221 2024 ഡിസംബർ 23 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പെൺകുട്ടിയെ പീഡിപ്പിച്ച യുവാവിന്റെ വീടിന് തീയിട്ട് നാട്ടുകാർ; പോലീസുകാർ രക്ഷപ്പെട്ടത് മതിൽചാടി

പെൺകുട്ടിയെ പീഡിപ്പിച്ച യുവാവിന്റെ വീടിന് നാട്ടുകാർ തീയിട്ടു. തെലങ്കാനയിലെ ആദിലാബാദ് ജില്ലയിലാണ് സംഭവം. കുട്ടിയുടെ ബന്ധുക്കളും നാട്ടുകാരുമാണ് പ്രതിയെ ആക്രമിച്ച് ഇയാളുടെ വീട് അഗ്നിക്കിരയാക്കിയത്. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസിന് നേരേയും ആക്രമണമുണ്ടായി. സംഘർഷം തടയാൻ ശ്രമിക്കുന്നതിനിടെയാണ് പോലീസിന് നേരേ ആക്രമണമുണ്ടായത്. പ്രകോപിതരായ നാട്ടുകാർ പോലീസ് വാഹനങ്ങളും തകർത്തു. ആക്രമണം രൂക്ഷമായതോടെ പോലീസുകാർ വീടിന്റെ മതിൽചാടി കടന്നാണ് രക്ഷപ്പെട്ടത്. ഇതിനിടെ നാട്ടുകാർ പ്രതിയായ യുവാവിന്റെ വീടിന് തീയിടുകയുംചെയ്തിരുന്നു. പരിക്കേറ്റ പോലീസുകാരെ പിന്നീട് നാട്ടുകാർ തന്നെ ആശുപത്രിയിലെത്തിച്ചു. പരിക്കേറ്റ പ്രതിയും ആശുപത്രിയിലാണ്.

സിപിഎം മുസ്ലിം വിരോധം പ്രചരിപ്പിക്കുന്നു, സ്വീകരിക്കുന്നത് ഹിന്ദുത്വനിലപാട്; വിമർശിച്ച് സുപ്രഭാതം

കോഴിക്കോട്: വയനാട് ലോക്സഭാ മണ്ഡലത്തിലെ കോൺഗ്രസ് വിജയത്തെക്കുറിച്ചുള്ള സി.പി.എം. പൊളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവന്റെ പരാമർശത്തിൽ രൂക്ഷവിമർശനവുമായി സമസ്ത മുഖപത്രം സുപ്രഭാതം. വർഗരാഷ്ട്രീയം വലിച്ചെറിഞ്ഞ് വർഗീയരാഷ്ട്രീയത്തിലേക്ക് സി.പി.എം. ചുവടുമാറ്റുന്നു. പുതിയ വോട്ട് ബാങ്ക് സൃഷ്ടിക്കാൻ സി.പി.എം. മുസ്ലിം വിരോധം പ്രചരിപ്പിക്കുന്നുവെന്നും വിമർശനം.

ബി.ജെ.പി.യെപ്പോലെ പരസ്യമായ ഹിന്ദുത്വ അനുകൂല നിലപാട് സി.പി.എം. നേതാക്കൾ സ്വീകരിക്കുന്നുവെന്ന് മുഖപ്രസംഗത്തിൽ പറയുന്നു. വയനാട്ടിൽ രാഹുൽ ഗാന്ധിയും പ്രിയങ്കയും ജയിച്ചത് മുസ്ലിം വർഗീയ ചേരിയുടെ പിന്തുണ കൊണ്ടാണെന്ന എ. വിജയരാഘവന്റെ പരാമർശം ഇപ്പോൾ സംഘപരിവാർ ആഘോഷിക്കുകയാണ്. മുസ്ലിം വിരുദ്ധതയുടേയും വെറുപ്പിന്റെയും ബഹിർസ്ഫുരണമാണ് വിജയരാഘവനിലൂടെ പുറത്തുവന്നത്.

സി.പി.എമ്മും സംഘപരിവാറും തമ്മിലുള്ള ചങ്ങാത്തം സംബന്ധിച്ച വാർത്തകൾ പുറത്തുവന്നു. അതിലൊന്നായിരുന്നു തൃശ്ശൂരിലെ ബി.ജെ.പിയുടെ വിജയത്തിന് കളമൊരുക്കിയ പൂരം കലക്കൽ. സംഘപരിവാറിനെ സുഖിപ്പിക്കുന്ന നടപടികൾ സംസ്ഥാന സർക്കാർ തുടരുകയാണ്. സി.പി.എം.–സംഘപരിവാർ ബന്ധത്തിന്റെ കണ്ണിയെന്ന് ആരോപിക്കപ്പെടുന്ന അജിത്കുമാറിന് ഡി.ജി.പി.യായി സ്ഥാനക്കയറ്റം നൽകാനാണ് തീരുമാനം.

ന്യൂനപക്ഷത്തെ, പ്രത്യേകിച്ച് മുസ്ലിം സമുദായത്തിനെതിരെ ഒളിഞ്ഞും തെളിഞ്ഞും വർഗീയത പറയുന്ന സി.പി.എം നേതാക്കളുടെ എണ്ണം വർധിക്കുകയാണ്. മുസ്ലിം ഭൂരിപക്ഷമുള്ള സ്ഥലങ്ങളിൽ സി.പി.എം എതിരാളികൾ ജയിച്ചാൽ പാർട്ടി നേതൃത്വത്തിന്റെ പ്രതികരണങ്ങൾ വിരൽചൂണ്ടുന്നത് വർഗീയതയിലേക്കാണ്. ന്യൂനപക്ഷത്തിനെതിരെ വർഗീയാരോപണം ഉന്നയിച്ചാൽ ഭൂരിപക്ഷ പിന്തുണ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് പാർട്ടിയെങ്കിൽ ആ ധാരണ തിരുത്തേണ്ട കാലം കഴിഞ്ഞു.

ബി.ജെ.പി.യുടെ ബി ടീമാവാൻ കേരളത്തിലെ സി.പി.എം. നേതാക്കൾ ശ്രമിക്കരുത്. പാർട്ടി സമ്മേളനങ്ങളിൽ ഉയരുന്ന വികാരവും വിയോജിപ്പും ഉൾക്കൊള്ളാൻ ഉന്നത നേതൃത്വത്തിന് മടിയാണ്. സംഘപരിവാറിനെ സന്തോഷിപ്പിക്കുന്നവരും അവർക്ക് ആയുധം നൽകുന്നവരുമായ സിപിഎമ്മിലെ ചില നേതാക്കളിൽ നിന്നാണ് തിരുത്തൽ ആരംഭിക്കേണ്ടത്. വിജയരാഘവന്മാരെ തിരുത്താൻ പാർട്ടി തയ്യാറാവാത്തിടത്തോളം കാലം ചവിട്ടി നിൽക്കുന്ന മണ്ണ് സംഘപരിവാർ കൂടാരത്തിലേക്ക് ഒലിച്ച് പോകുമെന്നും മുഖപ്രസംഗത്തിൽ പറയുന്നു.

മുസ്ലിംവർഗീയ ചേരിയുടെ ദൃഢമായ പിന്തുണയില്ലെങ്കിൽ രാഹുൽഗാന്ധി വയനാട്ടിൽനിന്ന് ഡൽഹിയിലെത്തുമായിരുന്നോയെന്ന വിജയരാഘവന്റെ പരാമർശമാണ് വിവാദങ്ങൾക്ക് തിരികൊളുത്തിയത്. കേരളത്തിൽ നടക്കുന്നത് വലിയതോതിലുള്ള വർഗീയവത്കരണമാണ്. പ്രിയങ്കാഗാന്ധിയുടെ ഘോഷയാത്രകളുടെ മുന്നിലും പിന്നിലും ന്യൂനപക്ഷ വർഗീയതയിലെ ഏറ്റവും മോശപ്പെട്ട തീവ്രവർഗീയ ഘടകങ്ങൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

വിജയരാഘവൻ പറഞ്ഞത് പാർട്ടി നയം; തെറ്റായി ഒന്നും പറഞ്ഞിട്ടില്ല: പി.കെ.ശ്രീമതി

കണ്ണൂർ: പ്രിയങ്കയുടെയും രാഹുലിന്റെയും വയനാട്ടിലെ വിജയം സംബന്ധിച്ച സിപിഎം പൊളിറ്റ് ബ്യൂറോ അംഗം എ.വിജയരാഘവന്റെ പരാമർശത്തെ ന്യായീകരിച്ച് പി.കെ.ശ്രീമതി. ജമാഅത്തെ ഇസ്ലാമിയുടെയും എസ്ഡിപിഐയുടെയും പിന്തുണയോടെയാണ് വയനാട്ടിൽ പ്രിയങ്കയും രാഹുലും ജയിച്ചതെന്നായിരുന്നു വിജയരാഘവന്റെ ആരോപണം .

എ.വിജയരാഘവൻ പറഞ്ഞത് പാർട്ടി നയം തന്നെയെന്ന് സിപിഎം കേന്ദ്രകമ്മിറ്റി യംഗം പി.കെ.ശ്രീമതി. തെറ്റായി ഒന്നും പറഞ്ഞിട്ടില്ല. വെള്ളാപ്പള്ളി കോൺഗ്രസിനെപ്പറ്റി പറഞ്ഞത് ശ്രദ്ധിക്കണം. കേരളത്തിൽ വർഗീയവാദികൾ തല ഉയർത്താൻ ശ്രമിക്കുന്നുവെന്നും കോൺഗ്രസ് മൽസരിക്കുന്നത് വർഗീയ കൂട്ടുകെട്ടിലെന്നും പി.കെ.ശ്രീമതി പറഞ്ഞു. എ.വിജയരാഘവന്റേത് വർഗീയ പരാമർശം അല്ലെന്ന് എൽ.ഡി.എഫ് കൺവീനർ ടി.പി.രാമകൃഷ്ണൻ. പ്രിയങ്കയ്ക്ക് വർഗീയ വോട്ട് കിട്ടി എന്നതിൽ ആർക്കാണ് സംശയമെന്നും ടി.പി. രാമകൃഷ്ണൻ ചോദിച്ചു.

രാഹുലിനെ ജയിപ്പിച്ചത് ലീഗിനോട് ചേർന്നുനിൽക്കുന്ന ശക്തികൾ– സുഭാഷിണി അലി

കൊല്ലം: വയനാട് ലോക്സഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിവാദ പരാമർശം നടത്തിയ പോളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവനെ പരോക്ഷമായി പിന്തുണച്ച് സി.പി.എം പോളിറ്റ്ബ്യൂറോ അംഗം സുഭാഷിണി അലി. വയനാട്ടിൽ ആദ്യം രാഹുൽ ഗാന്ധിയും പിന്നീട് പ്രിയങ്കയും ജയിച്ചത് ലീഗിന്റെയും അവരെ പിന്തുണയ്ക്കുന്നവരുടേയും സഹായം കൊണ്ടാണെന്നും ഏത് സാഹചര്യത്തിലാണ് വിജയരാഘവന്റെ പ്രസ്താവനയെന്ന് അറിയില്ലെന്നും സുഭാഷിണി അലി പ്രതികരിച്ചു.

തമിഴ്നാട്ടിൽ ഒരു രൂപയ്ക്ക് കിട്ടുന്ന 'സാധനത്തിന്' കേരള വിപണിയിൽ വില 40 രൂപ

തിരു : ഒരിടവേളയ്ക്കുശേഷം തമിഴ്നാട്ടിൽ നിന്നു സംസ്ഥാനത്തേക്കുള്ള റേഷനരി കടത്ത് വീണ്ടും സജീവമായി. പാലക്കാട്, കൊല്ലം, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ തമിഴ്നാട് അതിർത്തി കടന്നാണ് റേഷനറി കൂടുതലായി എത്തുന്നത്. തമിഴ്നാട്ടിലെ റേഷൻ കടകളിൽ ഒരു രൂപയ്ക്ക് നൽകുന്ന അരി അവിടത്തെ ഇടനിലക്കാർ വഴി ശേഖരിക്കും. ഇവിടത്തെ ഇടനിലക്കാർ വാങ്ങും.

രണ്ടു രീതിയിലാണ് അരി പൊതുവിപണിയിൽ എത്തുന്നത്. റേഷനരി തമിഴ്നാട്ടിലെ താവളങ്ങളിലെത്തിച്ചു പോളിഷ് ചെയ്ത് അതിർത്തികടത്തി വിടുന്നതാണ് ആദ്യരീതി.

റേഷനരി അതിർത്തി കടത്തി കേരളത്തിലെ രഹസ്യ കേന്ദ്രങ്ങളിലെത്തിച്ച് പോളിഷ് ചെയ്ത് വേറെ ചാക്കുകളിലാക്കുന്നതാണ് രണ്ടാമത്തെ രീതി. പൊള്ളാച്ചിയിലെ മില്ലുകൾ കേന്ദ്രീകരിച്ച് റേഷൻഅരിപൊടിച്ച് കവറിലാക്കി അരിപ്പൊടിയായും എത്തിക്കുന്നുണ്ട്.

തമിഴ്നാട് കടന്നുവരുന്ന റേഷനരി പിടികൂടാൻ ഓണക്കാലത്ത് തമിഴ്നാട്, കേരള പൊലീസ് സംഘം സംയുക്തമായി അതിർത്തികളിൽ പരിശോധന നടത്തിയിരുന്നു. ടൺ കണക്കിനരിയാണ് വാളയാർ, ആര്യങ്കാവ് ചെക്കു പോസ്റ്റുകൾക്കു സമീപം പിടിച്ചിരുന്നത്.

തമിഴ്നാട്ടിൽ ഒരു റേഷൻ കാർഡുടമയ്ക്ക് 40 കിലോ വരെ അരിയാണ് ഒരു രൂപ നിരക്കിൽ മാസം തോറും നൽകുന്നത്. ഭക്ഷ്യസുരക്ഷ ലഭ്യമിട്ട് തമിഴ്നാട് സർക്കാർ നടപ്പാക്കുന്ന പദ്ധതികൊണ്ട് ലക്ഷങ്ങൾ കൊയ്യുന്നത് കരിഞ്ചന്തക്കാരാണ്. കിലോഗ്രാമിന് 15 മുതൽ 17 രൂപവരെ നൽകിയാണ് ഗുണഭോക്താക്കളിൽ നിന്നു തമിഴ്നാട്ടിലെ ഇടനിലക്കാർ വാങ്ങുന്നത്. ശരാശരി 25 രൂപയ്ക്ക് കേരളത്തിലെ മില്ലുടമയ്ക്ക് അരി കിട്ടും. പോളിഷ് ചെയ്ത് വിപണിയിലെത്തിക്കുമ്പോൾ രൂപ 40തിലേറെ.

സംസ്ഥാനത്ത് തമിഴ്നാട്ടിലെ അരിയുമായി വരുന്ന ലോറികളെ പെട്ടെന്ന് കണ്ടെത്താനാകില്ല. ഇങ്ങനെ അരി കടത്തുന്നവരിൽ എഫ്.സി.ഐ (ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ) യുടെ ഓപ്പൺ മാർക്കറ്റ് ലേലത്തിൽ പങ്കെടുക്കുന്നവരുണ്ടാകും. അവിടെ നിന്നും ലേലത്തിൽ അരി വാങ്ങിയതിന്റെ രേഖകൾ കാണിക്കുമ്പോൾ ലോഡിലുള്ളത് ഏത് അരിയാണെന്ന് പരിശോധിക്കുന്നവർക്ക് മനസിലാകില്ല. രാജ്യത്ത് എല്ലായിടത്തും റേഷനരി ചാക്കിൽ എഫ്.സി.ഐ മുദ്രയാണുള്ളത്.

വിജയരാഘവനെ പിന്തുണച്ച് ഗോവിന്ദൻ

തിരു: രാഹുൽ ഗാന്ധിക്കും പ്രിയങ്ക ഗാന്ധിക്കുമെതിരെ സി.പി.എം. പൊളിറ്റ് ബ്യൂറോ അംഗം എ.വിജയരാഘവൻ നടത്തിയ വിവാദ പരാമർശത്തിൽ പിന്തുണയുമായി സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. ജമാഅത്തെ ഇസ്ലാമിക്കെതിരെ നടത്തുന്ന പാരാമർശങ്ങൾ മുസ്ലിങ്ങൾക്കും ആർ.എസ്. എസിനെതിരെ നടത്തുന്ന വിമർശനങ്ങൾ ഹിന്ദുക്കൾക്കും എതിരല്ലെന്ന് അദ്ദേഹം പറഞ്ഞു. മുസ്ലിം വർഗീയവാദത്തിന്റെ പ്രധാനികളാണ് ജമാഅത്തെ ഇസ്ലാമിയെന്നും അദ്ദേഹം വിമർശിച്ചു.

ഹിന്ദു വർഗീയവാദത്തിന്റെ സുപ്രധാന കരുത്തായ ആർ.എസ്.എസ്. പോലെ മുസ്ലിം വർഗീയവാദത്തിന്റെ ഏറ്റവും പ്രധാന വിഭാഗമായി ജമാഅത്തെ ഇസ്ലാമിയും, ഭീകരവാദ പ്രസ്ഥാനത്തിന്റെ ഭാഗമായ എസ്.ഡി.പി.ഐയും നിൽക്കുകയാണ്. ഇവരുടെ സഖ്യകക്ഷിയാണ് ഇപ്പോൾ കോൺഗ്രസ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും പാലക്കാട് ഉപതെരഞ്ഞെടുപ്പിലും ഒരു സഖ്യകക്ഷിയെപോലെയാണ് യു.ഡി.എഫും ജമാഅത്തെ ഇസ്ലാമിയും പ്രവർത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

എസ്.ഡി.പി.ഐ, ജമാഅത്തെ ഇസ്ലാമി എന്നിവരെ ചേർത്ത് നിർത്തുന്നതിന്റെ പ്രത്യാഘാതങ്ങൾ വൈകാതെ തന്നെ കോൺഗ്രസിന് ലഭിക്കും. ഇത് ലീഗിനെയും ബാധിക്കും. വർഗീയതയ്ക്കെതിരെ നിലപാട് സ്വീകരിക്കുന്ന പാർട്ടിയാണ് മുസ്ലിം ലീഗ് എന്നാണ് പറയുന്നത്. എന്നാൽ, ഇസ്ലാമിക രാഷ്ട്രം വേണമെന്ന് നിലപാട് സ്വീകരിച്ചിട്ടുള്ള ജമാഅത്തെ ഇസ്ലാമിയുമായി ചേർന്ന് യു.ഡി.എഫിന്റെ കക്ഷിയായി നിൽക്കുന്നത് ശക്തമായ പ്രത്യാഘാതം ലീഗിന് ഉണ്ടാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

അപ്രതീക്ഷിതം; പി.ഗഗാറിനെ മാറ്റി, കെ.റഫീഖ് സിപിഎം വയനാട് ജില്ലാ സെക്രട്ടറി

കൽപ്പറ്റ: സിപിഎം വയനാട് ജില്ലാ സെക്രട്ടറിയായി ഡിവൈഎഫ്ഐ നേതാവ് കെ. റഫീഖിനെ ജില്ലാ സമ്മേളനം തിരഞ്ഞെടുത്തു. പി. ഗഗാറിൻ സെക്രട്ടറിയായി ഒരുടേം കൂടി തുടരും എന്ന് ഏവരും പ്രതീക്ഷിച്ചിരിക്കെയാണ് തീർത്തും അപ്രതീക്ഷിതമായി റഫീഖ് ആ സ്ഥാനത്തേത്ത് എത്തിയത്. ഡി.വൈ.എഫ്ഐ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചുവരുകയായിരുന്നു കെ. റഫീഖ്.

ഗഗാറിനെ സ്ഥാനത്ത് നിന്ന് മാറ്റണമെന്ന ആവശ്യം പാർട്ടിയിൽ ഉയർന്നിരുന്നു. എന്നാൽ സമ്മേളനകാലയളവിലേക്ക് വന്നപ്പോൾ ആ സാധ്യത അടയുകയും ഗഗാറിൻ തന്നെ തുടർന്നേക്കാമെന്നും സൂചനയുണ്ടായിരുന്നു. ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറി സ്ഥാനത്ത് നിന്ന് ജില്ലയിൽ പാർട്ടിയുടെ അമരത്തേക്ക് റഫീഖ് എത്തുന്നതോടെ വൻ മാറ്റമാണ് സിപിഎം നേതൃനിരയിൽ സംഭവിച്ചത്

'സർക്കാർ നിർദേശം തള്ളാൻ പി എസ് സി ക്ക് അധികാരമില്ല'; രൂക്ഷവിമർശനവുമായി സുപ്രീംകോടതി

ന്യൂഡൽഹി: റാങ്ക് പട്ടിക വിപുലീകരിക്കാനുള്ള സർക്കാർ നിർദേശം തള്ളിയ പി.എസ്.സി.ക്ക് സുപ്രീംകോടതിയുടെ രൂക്ഷവിമർശനം. സംസ്ഥാന സർക്കാരിന്റെ നിർദേശം തള്ളാൻ പി.എസ്.സി.ക്ക് അധികാരമില്ലെന്നും സർക്കാർ നിർദേശം നിരാകരിക്കുന്നത് അധികാരപരിധി കടക്കുന്നതിന് തുല്യമാണെന്നും സുപ്രീംകോടതി നിരീക്ഷിച്ചു. പി.എസ്.സി.യുടെ സ്വയംഭരണ അധികാരം ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിൽ മാത്രമാണ്. ഒഴിവുകളുടെ എണ്ണം നിർണയിക്കുന്നതും റാങ്ക് പട്ടിക വിപുലീകരിക്കുന്നതും ഉൾപ്പടെയുള്ള അധികാരം തൊഴിൽദാതാവായ സംസ്ഥാന സർക്കാരിന്റേതാണെന്നും സുപ്രീംകോടതി ഉത്തരവ്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടിക വിപുലീകരിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദേശം പിഎസ്സി തള്ളിയിരുന്നു. ഇതിനെതിരായ ഹർജിയിൽ പുറപ്പെടുവിച്ച ഉത്തരവിലാണ് സുപ്രീംകോടതി വിമർശനം. ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നതും, ജോലിയുടെ ഭരണപരമായ ആവശ്യത്തിന് അനുസരിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും സർക്കാരിന്റെ അധികാരമാണ്. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡത്തിന് അനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തി റാങ്ക് പട്ടിക തയ്യാറാക്കൽ മാത്രമാണ് പിഎസ്സിയുടെ ചുമതലയെന്നും ജസ്റ്റിസുമാരായ വിക്രംനാഥ് പി.ബി. വരാലെ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

തൊഴിൽദാതാവ് എന്ന നിലയിൽ എത്ര ജീവനക്കാരെയാണ് ആവശ്യമെന്ന് തീരുമാനിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ അധികാരത്തിലേക്ക് പി.എസ്.സി. കടന്ന് കയറുന്നത് ശരിയല്ല. കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെന്ന് മനസിലാക്കി റാങ്ക് പട്ടിക വിപുലീകരിക്കാൻ സർക്കാർ തീരുമാനിച്ചാൽ അത് അംഗീകരിക്കാൻ പി.എസ്.സിക്ക് ബാധ്യതയുണ്ട്. ആ നിർദേശം നിരാകരിക്കുന്നത് അധികാരപരിധി കടക്കുന്നതിന് തുല്യമാണെന്നും സുപ്രീംകോടതി ഉത്തരവിൽ വിശദീകരിക്കുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിന് 2014 പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം തിരഞ്ഞെടുപ്പ് പ്രക്രിയ അനന്തമായി നീണ്ടുപോയെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. റാങ്ക് ലിസ്റ്റ് 2020 ൽ പ്രസിദ്ധീകരിക്കുമ്പോഴേക്കും ഒരുപാട് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ സർക്കാരിന് റാങ്ക് പട്ടിക വിപുലീകരിക്കമെന്ന് നിർദേശം നൽകാൻ അധികാരമുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ഈ ഉത്തരവ് ബാധകമായിരിക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഹർജിക്കാർക്കുവേണ്ടി സീനിയർ അഭിഭാഷകൻ നിഖിൽ ഗോയൽ, അഭിഭാഷകരായ ഹാരിസ് ബീരാൻ, അസർ അസീസ്, ആനന്ദ് ബി മേനോൻ എന്നിവരാണ് ഹാജരായത്.

'ഒരുവശത്ത് ക്രൈസ്തവരുടെ ആഘോഷങ്ങൾ തടയുക, എന്നിട്ട് നാണമില്ലാതെ ക്രൈസ്തവ വോട്ട് തട്ടാൻ കപട നാടകം കളിക്കുക, ഇതാണ് ബിജെപി'

പാലക്കാട്: നല്ലേപ്പിള്ളി ഗവ.യു.പി സ്കൂളിലെ ക്രിസ്തുമസ് ആഘോഷം വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകർ തടസപ്പെടുത്തിയ സംഭവത്തിൽ പ്രതികരണവുമായി കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ. സംഭവത്തിൽ ബി ജെ പി നേതൃത്വത്തിന് പങ്കുണ്ടെന്ന് അദ്ദേഹം ആരോപിച്ചു.

ബി ജെ പി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ ഇതുവരെ സംഭവത്തെ തള്ളിക്കളഞ്ഞിട്ടില്ലെന്നും മൗനം സമ്മതമായെടുക്കാമെന്നും സന്ദീപ് വാര്യർ പറയുന്നു. ഒരുവശത്ത് ക്രൈസ്തവരെ ആക്രമിക്കുകയും അവരുടെ ആഘോഷങ്ങളെ തടയുകയും ചെയ്യുന്നു. എന്നാൽ മറുവശത്ത് വോട്ടിന് വേണ്ടി കപട നാടകം കളിക്കുകയാണെന്നും അദ്ദേഹം ഫേസ് ബുക്കിൽ കുറിച്ചു.

'പാലക്കാട് സ്കൂളിൽ ക്രിസ്തുമസ് ആഘോഷം തടഞ്ഞ വിശ്വഹിന്ദു പരിഷത്ത് സംഘപരിവാർ സംഘടന തന്നെയാണ്. ഈനേരം വരെ ബിജെപി സംസ്ഥാന പ്രസിഡന്റ് ഈ അതിക്രമത്തെ തള്ളിപ്പറഞ്ഞിട്ടില്ല. അതായത് മൗനം സമ്മതമാണ്. ഒരുവശത്ത് ക്രൈസ്തവരെ ആക്രമിക്കുക, അവരുടെ ആഘോഷങ്ങളെ തടയുക, അവരുടെ വിശ്വാസങ്ങളെ അവമതിക്കുക. എന്നിട്ട് നാണമില്ലാതെ ക്രൈസ്തവ വോട്ട് തട്ടാൻ കപട നാടകം കളിക്കുക. ഇതാണ് ബിജെപി.'– അദ്ദേഹം കുറിച്ചു.

സംഭവത്തിൽ നല്ലേപ്പിള്ളി സ്വദേശികളും വി എച്ച് പി നേതാക്കളുമായ വടക്കുംതറ കെ.അനിൽകുമാർ (52), മാനാംകുറ്റി കറുത്തേടത്ത്കളം സുശാസനൻ (52), തെക്കുമുറി വേലായുധൻ (58) എന്നിവരെ കഴിഞ്ഞ ദിവസം ചിറ്റൂർ പൊലീസ് അറസ്റ്റു ചെയ്തിരുന്നു. കൃത്യനിർവ്വഹണം തടസപ്പെടുത്തൽ, മതസ്പർദ വളർത്തുന്ന രീതിയിൽ അസഭ്യം പറഞ്ഞു, അതിക്രമിച്ച് കയറൽ, ഭീഷണിപ്പെടുത്തിയതുൾപ്പടെ ജാമ്യമില്ലാവകുപ്പ് പ്രകാരമാണ് ഇവർക്കെതിരെ കേസെടുത്തത്. സ്കൂൾ പ്രധാനാദ്ധ്യാപികയുടെ പരാതിയിലാണ് നടപടി. വെള്ളിയാഴ്ചയാണ് സംഭവം. ശ്രീകൃഷ്ണ ജയന്തി അല്ലാതെ മറ്റൊരാഘോഷവും വേണ്ടെന്നായിരുന്നു അതിക്രമിച്ച് കയറി സംഘപരിവാർ പ്രവർത്തകരായ മൂന്ന് പേരുടെയും നിലപാട്.

മൂന്ന് ദിവസം മുമ്പ് കാണാതായ പ്ലസ് വൺ വിദ്യാർത്ഥിനിയുടെ മൃതദേഹം കുളത്തിൽ; രണ്ട് യുവാക്കളും മരിച്ചനിലയിൽ

തിരുപ്പൂർ: മൂന്ന് ദിവസം മുമ്പ് കാണാതായ വിദ്യാർത്ഥിനിയേയും രണ്ട് യുവാക്കളെയും മരിച്ചനിലയിൽ കണ്ടെത്തി. പ്ലസ്വൺ വിദ്യാർത്ഥിനിയായ ദർശന (17), സുഹൃത്തുക്കളായ മാരിമുത്തു (20), ചെന്നൈ സ്വദേശി ആകാശ് (20) എന്നിവരെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്.

ദർശനയെ കാണാനില്ലെന്ന് കാണിച്ച് മാതാപിതാക്കൾ പൊലീസിൽ പരാതി നൽകിയിരുന്നു. അന്വേഷണം നടന്നുകൊണ്ടിരിക്കെയാണ് മാനുപ്പട്ടിയിൽ കൃഷിയിടത്തോട് ചേർന്നുള്ള കുളത്തിൽ മൂന്ന് പേരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്.

പൊലീസ് സ്ഥലത്തെത്തി പരിശോധിച്ചതോടെ മരിച്ചവരിൽ ഒരാൾ കാണാതായ പെൺകുട്ടിയാണെന്ന് സ്ഥിരീകരിക്കുകയായിരുന്നു. ഡിസംബർ പതിനെട്ടിനായിരുന്നു പെൺകുട്ടിയുടെ ജന്മദിനം. അയൽവാസികൾക്ക് കേക്ക് കൊടുക്കാനെന്ന് പറഞ്ഞാണ് പെൺകുട്ടി വീട്ടിൽ നിന്നിറങ്ങിയത്.

മാസങ്ങൾക്ക് മുമ്പ് ഇൻസ്റ്റഗ്രാമിലൂടെയാണ് ആകാശും പെൺകുട്ടിയും പരിചയപ്പെട്ടത്. ഇരുവരും തമ്മിൽ പ്രണയത്തിലായിരുന്നെന്നാണ് സൂചന. അയൽവാസിയും സുഹൃത്തുമായ മാരിമുത്തുവിന് ആകാശുമായുള്ള അവളുടെ സൗഹൃദത്തെക്കുറിച്ച് അറിയാമായിരുന്നു.

മൂവർ സംഘം പിറന്നാളാഘോഷിക്കാനായി ഒരു ഇരുചക്രവാഹനത്തിൽ പോകുകയായിരുന്നു. ഇതിനിടയിൽ വളവിൽ വച്ച് ഇരുമ്പ് പൈപ്പ് ലൈനിൽ തട്ടി ഇരുചക്രവാഹനവും മൂന്നുപേരും കുളത്തിലേക്ക് വീഴുകയായിരുന്നു. ഫോണും ഓഫായി. ഫോണിൽ വിളിച്ചിട്ട് കിട്ടാതായതോടെ മാതാപിതാക്കൾ, മകളെ കാണാനില്ലെന്ന് കാണിച്ച് പൊലീസിൽ പരാതി നൽകുകയായിരുന്നു.

അജിത് കുമാറിന്റെ റിപ്പോർട്ട് പോലീസിന് നാണക്കേട്, ഇനി സിബിഐ അന്വേഷിക്കട്ടെ: തിരുവമ്പാടി ദേവസ്വം

തൃശ്ശൂർ: പൂരം കലക്കൽ കേസുമായി ബന്ധപ്പെട്ട എ.ഡി.ജി.പി. അജിത് കുമാറിന്റെ റിപ്പോർട്ടിനെതിരെ തിരുവമ്പാടി ദേവസ്വം. സ്വന്തം വീഴ്ച മറച്ചുവെക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്നും പോലീസ് സംവിധാനത്തിന് തന്നെ നാണക്കേടാണ് അജിത് കുമാറിന്റെ റിപ്പോർട്ടെന്നും തിരുവമ്പാടി ദേവസ്വം പ്രതിനിധി ഗിരീഷ് പ്രതികരിച്ചു.

തിരുവമ്പാടി ദേവസ്വം ബോർഡ് പ്രതിനിധികളാണ് പൂരം കലക്കിയതെന്ന റിപ്പോർട്ട് കേൾക്കുമ്പോൾ ലജ്ജ തോന്നുന്നു. ഇത്രയും ഫോഴ്സ് ഉപയോഗിച്ച് ഇത്രയും സമയമെടുത്ത് മന്ത്രിതലത്തിൽ ഉൾപ്പെടെ അന്വേഷണങ്ങൾ നടത്തിയിട്ടും പൂരം കലക്കലിന് പിന്നിലെ കാരണം കണ്ടെത്തായില്ലെങ്കിൽ കേരള പോലീസ് വൻ പരാജയമാണെന്ന് ഗിരീഷ് കുറ്റപ്പെടുത്തി.

ഇനി ഈ കേസ് കേരള പോലീസല്ല അന്വേഷിക്കേണ്ടത്. ഇനി വേണ്ടത് സി.ബി.ഐ. അന്വേഷണമാണ്. ആരാണ് തെറ്റുചെയ്തതെന്ന് സി.ബി.ഐ. കണ്ടുപിടിക്കട്ടെയെന്നും ഗിരീഷ് പറഞ്ഞു. ഏതുതരത്തിലുള്ള അന്വേഷണം നേരിടാനും തിരുവമ്പാടി ദേവസ്വം തയാറാണെന്നും അദ്ദേ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജനതാദൾ (എസ്) ക്രിസ്മസ് & ന്യൂഇയർ സെലിബ്രേഷൻ ആഘോഷിച്ചു

തൃശ്ശൂർ: ജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ലോഹ്യ ഭവനിൽ ക്രിസ്മസ് & ന്യൂഇയർ സെലിബ്രേഷൻ ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫി കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മറ്റി അംഗം ആയ ജോൺ വാഴപ്പിള്ളി, പ്രീജു ആന്റണി, ഷണ്മുഖൻ വടക്കുംപറമ്പിൽ, മോഹൻദാസ്, ജോസ് താണിക്കൽ, ജോസഫ് ആളൂക്കാരൻ, രാജൻ ഐനിക്കുന്നൻ, സി. ടി ഡേവിസ് എന്നിവർ പ്രസംഗിച്ചു.

ഓട്ടിസം സെന്ററിലെ ക്രിസ്തുമസ് ആഘോഷം

ഇരിങ്ങാലക്കുട: സമഗ്ര ശിക്ഷ കേരളം ഇരിങ്ങാലക്കുട ബിആർസി യിലെ ഓട്ടിസം സെൻറർ ക്രിസ്മസ് ആഘോഷിച്ചു.

മുനിസിപ്പൽ വൈസ് ചെയർമാൻ. ബൈജു കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു. ബിപിസി കെ. ആർ സത്യപാലൻ സ്വാഗതം പറഞ്ഞു. വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ. അഡ്വ:ജിഷ ജോബി അധ്യക്ഷത വഹിച്ചു. കുട്ടികളും രക്ഷിതാക്കളും പങ്കെടുത്തു. കേക്കുമുറിച്ചും സമ്മാനങ്ങൾ കൈമാറിയും കുട്ടികൾ ആഘോഷിച്ചു. സ്പെഷ്യൽ എഡ്യൂക്കേറ്റർ മാരായ ആതിര രവീന്ദ്രൻ,നിഷ പോൾ എന്നിവർ നേതൃത്വം നൽകി.

മദ്യ വിമോചന മഹാ സഖ്യത്തിന്റെ സംസ്ഥാന വാഹന ജാഥ

തൃശൂർ: സമൂഹത്തിന് എല്ലാ നിലക്കും ദോഷം മാത്രം ചെയ്യുന്ന ലഹരിവസ്തുക്കൾക്കെതിരെ സമൂഹത്തിലെ മേലേ തട്ടിലുള്ളവർ പ്രതികരിക്കുന്ന സാഹചര്യം ഉണ്ടാകണമെങ്കിൽ ഇന്നത്തെ വിദ്യാർത്ഥികൾ ലഹരിവസ്തുക്കൾക്കെതിരെ പ്രതികരിക്കുന്നവരായി വളരണമെന്ന് കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ ഖാദർ മാങ്ങാട് അഭിപ്രായപ്പെട്ടു. മദ്യ വിമോചന മഹാ സഖ്യത്തിന്റെ സംസ്ഥാന വാഹന ജാഥ കാഞ്ഞങ്ങാട് ബെല്ല ഹയർ സെക്കന്ററി സ്ക്കൂളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ രക്ഷാധികാരി സി ഐ അബ്ദുൾ ജബ്ബാർ മുഖ്യ പ്രഭാഷണം നടത്തി. ജാഥ ക്യാപ്റ്റൻ കെ എ മഞ്ജുഷ, സംസ്ഥാന വൈസ് പ്രസിഡണ്ട് പ്രൊഫ ടി എം സുരേന്ദ്രനാഥ്, സെക്രട്ടറി കമറുദ്ദീൻ വെളിയംകോട്, ഷഹനാസ് എ സലാം, എൻ എസ് എസ് കോർഡിനേറ്റർ ഷിജിത്ത് എസ്, പി യു കുഞ്ഞികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

അത്തം പ്രസാദ ഊട്ട് നാളെ

നടവരമ്പ്: ശ്രീതൃപ്പയ്യ ത്രിമൂർത്തിക്ഷേത്രത്തിൽ ഈ മാസം 24 ന് അത്തം പ്രസാദ ഊട്ട് നടക്കും രാവിലെ 8 മുതൽ ഐരാണിക്കുളംജയശ്രീ ടീച്ചറും അവതരിപ്പിക്കുന്ന നാരായണീയ പാരായണം ഉച്ച 12 ന് ഗിരീഷ് മൂലോത്ത് സമർപ്പിക്കുന്ന പ്രസാദ ഊട്ട് നടക്കും.

ആം ആദ്മി പാർട്ടി ഒല്ലൂർ നിയോജക മണ്ഡലം കൺവെൻഷൻ

തൃശൂർ: ആം ആദ്മി പാർട്ടി ഒല്ലൂർ നിയോജക മണ്ഡലം കൺവെൻഷൻ പുത്തൂർ പഞ്ചായത്ത് ഹാളിൽ നടത്തി. ജില്ലാ പ്രസിഡന്റ് റാഫേൽ ടോണി കൺവെൻഷൻ ഉത്ഘാടനം ചെയ്തു.

2025 ത്രിതല തദ്ദേശ തെരഞ്ഞെടുപ്പിൽ എല്ലാ വാർഡുകളിലും, പഞ്ചായത്തുകളിലും ആം ആദ്മി പാർട്ടി മത്സരിക്കുവാൻ തീരുമാനിച്ചു. ഒല്ലൂർ നിയോജക മണ്ഡലം പ്രസിഡന്റ് ജോൺസൺ ഐനിക്കൽ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ജോളി ജോൺ, ജില്ലാ ട്രഷറർ ഇട്ടൂപ്, ജില്ലാ ജോ. സെക്രട്ടറി ബിന്നി പൊന്തേക്കൻ, ജില്ലാ വനിത വിംഗ് പ്രസിഡന്റ് ഷീബ ഗോപൻ, സ്റ്റേറ്റ് സോഷ്യൽ മീഡിയ വൈസ് പ്രസിഡന്റ് ആൻസൺ ജോൺ ,മണ്ഡലം സെക്രട്ടറി ജോയ് ഗ ആന്റണി, ട്രഷറർ ജെമിൻ അക്കര എന്നിവർ പങ്കെടുത്തു.

ക്രിസ്തുമസ്സ് പുതുവൽസര ആഘോഷം

പുതുക്കാട്: ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡ് സൗഹൃദം തണൽ കമ്മിറ്റിയുടെ ക്രിസ്തുമസ്സ് പുതുവത്സര ആഘോഷം വാർഡ് മെമ്പർ സെബി കൊടിയന്റെ വസതിയിൽ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അൽജോ പുളിക്കൻ കേക്ക് മുറിച്ച് ഉൽഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ തണൽ പ്രസിഡന്റ് ജോസഫ് പുളിക്കൻ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെബർ സെബി കൊടിയൻ മുഖ്യ അതിഥിയായി , തണൽ സെക്രട്ടറി വിൻസന്റ് പുളിക്കൽ, ജോളി ചുക്കിരി, ഡേവീസ് അക്കര ,പി പി ചന്ദ്രൻ റപ്പായി തൃക്കുക്കാരൻ ജോസ് കൊക്കാലി പൗലോസ് കെ.വി എന്നിവർ സംസാരിച്ചു.

മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോനെ അനുസ്മരിച്ചു

ഇരിങ്ങാലക്കുട : മലയാള കവിതയിലെ ഊർജ്ജ ശ്രോതസ്സും, ഇരിങ്ങാലക്കുട സർക്കാർ ബോയ്സ് ഹൈ സ്കൂളിലെ പ്രധാന അധ്യാപകനുമായിരുന്ന വൈലോള്ളി ശ്രീധരമേനോന്റെ 39-ാം ചരമവാർഷികം ശക്തി സാംസ്കാരിക വേദി ആചരിച്ചു. പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ കീഴ്ത്താണി അധ്യക്ഷത വഹിച്ചു. കെ. ഹരി മുഖ്യ പ്രഭാഷണം നടത്തി. എ.സി. സുരേഷ്, ബാബുരാജ് പൊറത്തിശ്ശേരി, കാറളം രാമചന്ദ്രൻ നമ്പ്യാർ എന്നിവർ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താനായി കേരളത്തിലെ സർവ്വകലാശാലകളിൽ സ്മാരക പ്രഭാഷണങ്ങൾ സംഘടിപ്പിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു .

എസ് വൈ എസ് കേരള യുവജന സമ്മേളനത്തിന് പ്ലാറ്റിനം മൈതാനിയിൽ പതാക ഉയർന്നു

ആമ്പല്ലൂർ /തൃശൂർ: എസ് വൈ എസ് കേരള യുവജന സമ്മേളനത്തിന് ആമ്പല്ലൂരിലെ പ്ലാറ്റിനം ഗ്രൗണ്ടിൽ പതാക ഉയർന്നു. ഇതോടെ സമ്മേളന പരിപാടികൾക്ക് ഔദ്യോഗിക തുടക്കമായി. കേരള മുസ്ലീം ജമാഅത്ത് സംസ്ഥാന സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, എസ് വൈ എസ് സംസ്ഥാന പ്രസിഡൻറ് സയ്യിദ് ത്വാഹ സഖാഫി, സ്വാഗതസംഘം ചെയർമാൻ ഡോ. മുഹമ്മദ് ഖാസിം എന്നിവർ ചേർന്ന് പതാക ഉയർത്തി. അനുബന്ധമായ നടന്ന ചടങ്ങിൽ സയ്യിദ് തുറാബ് അസഖാഫ് അദ്ധ്യക്ഷത വഹിച്ചു. പി എസ് കെ മൊയ്തു ബാഖവി, ഐ എം കെ ഫൈസി, എൻ അലി അബ്ദുള്ള, പി കെ ബാവ ദാരിമി, കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി, സി.പി സൈതലവി ചെങ്ങര, മജീദ് കക്കാട്, ബി എസ് അബ്ദുള്ളകുഞ്ഞി ഫൈസി, മുഹമ്മദ് മാസ്റ്റർ പറവൂർ, അലി ദാരിമി എറണാകുളം, ഡോ എ.പി അബ്ദുൽഹക്കീം അസ്ഹരി കാന്തപുരം, പടിക്കൽ അബൂബക്കർ മാസ്റ്റർ, ഡോ. പി.എ ഫാറൂഖ് നഈമി എന്നിവർ പ്രസംഗിച്ചു. ഐ സി എഫ് പ്രസിഡൻറ് സയ്യിദ് ആറ്റക്കോയ തങ്ങൾ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

ഈ മാസം 26, 27, 28, 29 തിയ്യതികളിലാണ് യുവജന സമ്മേളനം നടക്കുന്നത്. ഉത്തരവാദിത്തം മനുഷ്യപ്പറ്റിന്റെ രാഷ്ട്രീയം എന്ന പ്രമേയത്തിൽ ഒരു വർഷമായി നടന്നു വരുന്ന പ്ലാറ്റിനം ഇയർ പരിപാടികളുടെ സമാപനമായാണ് വ്യത്യസ്ത ഉള്ളടക്കങ്ങളോടെ കേരള യുവനജ സമ്മേളനം നടക്കുന്നത്.

നാലു ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ ഡെലിഗേറ്റ്സ് കോൺഫറൻസ്, ഫൂച്ചർ കേരള സമ്മിറ്റ്, നെക്സ്റ്റ് ജെൻകോൺക്ലേവ്, ഹിസ്റ്റോറിക്കൽ ഇൻസൈറ്റ്, എൻജെൻ എക്സ്പോ, ഐഡിയൽ കോൺഫറൻസ്, ഹെറിറ്റേജ് കോൺഫറൻസ്, എത്തിക്കൽ കോൺഫറൻസ്, യങ് ഇന്ത്യ കോൺഫറൻസ് എന്നിവയാണ് നടക്കുന്നത്.

എസ് വൈ എസ് കേരള യുവജന സമ്മേളനത്തിന്റെ പതാക ഉയർത്തലിന് കേരള മുസ്ലീം ജമാഅത്ത് സംസ്ഥാന സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, എസ് വൈ എസ് സംസ്ഥാന പ്രസിഡൻറ് സയ്യിദ് ത്വാഹ സഖാഫി, സ്വാഗതസംഘം ചെയർമാൻ ഡോ. മുഹമ്മദ് ഖാസിം എന്നിവർ നേതൃത്വം നൽകുന്നു

കുടിവെള്ളം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം 9 പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹൈക്കോടതി നിർദ്ദേശം

തൃശ്ശൂർ ജില്ലയിലെ തീരദേശത്തെ മതിലകം മുതൽ വടക്കോട്ട് എങ്ങണ്ടിയൂർ വരെയുള്ള 9 പഞ്ചായത്തുകൾ പൈപ്പ് ലൈൻ വഴിയോ ടാങ്കർ ലോറി മുഖേനയോ കുടിവെള്ളം എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ പഞ്ചായത്തിലെ സെക്രട്ടറിമാർക്ക് ഹൈക്കോടതി നിർദ്ദേശം. നാട്ടിക ഫർക്കയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി. എ സീതി മാസ്റ്റർ, കെ. എ ധർമ്മരാജൻ അഡ്വ. ഷാനവാസ് കാട്ടകത്ത് മുഖേന നൽകിയ ഹർജിയിലാണ് സുപ്രധാന ഈ ഉത്തരവ്. മാത്രമല്ല ഈ ഉത്തരവ് നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഇവ നടപ്പാക്കാനും ഇടക്കാല വിധിയിലൂടെ കളക്ടറെ കോടതി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും രീതിയിൽ ഇവയിൽ വീഴ്ച വന്നാൽ ഉത്തരവിന്റെ ലംഘനമായി കരുതുമെന്ന് വിധിയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. 2023 ഡിസംബറിൽ ആണ് ഈ ഹർജിയിലെ ആദ്യ ഇടക്കാല ഉത്തരവ് ആയി ശ്രീ നാരായണാപുരം പഞ്ചായത്തിലെ ആലാഗോതുരുത്തി ലേക്ക് കുടിവെള്ളം എത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് കോടതി നിർദ്ദേശം നൽകിയത്. എന്നാൽ വർക്ക് പൂർത്തിയാകുന്നത് വരെ എസ്.എൻ പുരം പഞ്ചായത്ത് ടാങ്കർ ലോറിയിൽ വെള്ളം നൽകണമെന്നുള്ള കോടതി ഉത്തരവുപ്രകാരം വെള്ളം നൽകി വരുന്നുണ്ട്. 2023ലെ കുടിവെള്ളം കൊടുക്കുവാനുള്ള ഇടക്കാല ഉത്തരവ് മറ്റ് 9 പഞ്ചായത്തുകൾ ആയ മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, തളിക്കുളം, എടത്തുരുത്തി, വലപ്പാട്, നാട്ടിക, വാടാനപ്പള്ളി, ഏങ്ങണ്ടിയൂർ പഞ്ചായത്തുകളിലേക്ക് കൂടി ബാധകമാക്കിയാണ് ചീഫ് ജഡ്ജിസ് അടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഈ പുതിയ ഉത്തരവ്.

മാരിവില്ലഴകിലാറാടി 'വർണ്ണക്കുട' ചിത്രരചനാ മത്സരം

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുടയുടെ കലാ സാഹിത്യ സാംസ്കാരികാഘോഷങ്ങളുടെ ഭാഗമായ 'വർണ്ണക്കുട 2024'നോടനുബന്ധിച്ച് സംഘടിപ്പിച്ച ചിത്രരചനാ മത്സരം ബഹുജന പങ്കാളിത്തം കൊണ്ടും സൃഷ്ടിവൈവിധ്യം കൊണ്ടും ശ്രദ്ധേയമായി. പ്രകൃതിയുടെ വിവിധ ഭാവങ്ങളും, സമകാലിക വിഷയങ്ങളും തുടങ്ങി വർണവൈവിധ്യങ്ങളോടെ മത്സരാർത്ഥികൾ കാൻവാസിലേക്ക് പകർത്തിയപ്പോൾ അത് കാഴ്ചക്കാർക്കും വിരുന്നായി.

ഇരിങ്ങാലക്കുട സെന്റ്.ജോസഫ് കോളേജിൽ നടന്ന ചിത്രരചനാ മത്സരത്തിൽ സെൻറ് ജോസഫ്സ് കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ബ്ലെസ്സി മുഖ്യാതിഥിയായിരുന്നു. വർണ്ണക്കുട കോർഡിനേറ്റർമാരായ ശ്രീലാൽ, പി.ആർ.സ്റ്റാൻലി, ദീപ ആൻറണി, അസീന ടീച്ചർ, സത്യപാലൻ മാസ്റ്റർ എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.

ആഘോഷത്തിരയിളക്കി കരോൾ സംഘങ്ങൾ; വീഥി നിറഞ്ഞ് പാപ്പമാരും മാലാഖവൃന്ദവും, നഗരം നിറഞ്ഞ് കാണികളും

ഇരിങ്ങാലക്കുട: ക്രിസ്മസിനെ വരവേറ്റ് ചുവപ്പൻ കുപ്പായമണിഞ്ഞ് തൊപ്പിയുമിട്ട് നൂറുകണക്കിന് സാന്താക്ലോസുമാരും മഞ്ഞിന്റെ നിറമുള്ള ചിറകും തൂവെള്ള വസ്ത്രമണിഞ്ഞ് മാലാഖമാരും നൃത്ത ചുവടുകളുമായി നഗരം ചുറ്റിയത് വേറിട്ട കാഴ്ചയായി. മണ്ണിൽ വിരിഞ്ഞ നക്ഷത്രങ്ങളെ സാക്ഷിയാക്കി നഗരവീഥിയിൽ കരോൾ ഗാനത്തിനൊപ്പം നിശ്ചല ദൃശ്യത്തിന്റെ അകമ്പടിയോടെ പാപ്പാമാരും മാലാഖമാരും ചുവടുവെച്ച് നീങ്ങിയപ്പോൾ ആഹ്ളാദത്തോടെ ജനം വരവേറ്റു. തിരുപ്പിറവിയുടെ സന്ദേശമറിയിച്ച് കത്തീഡ്രൽ പ്രഫഷണൽ സിഎൽസി സീനിയർ സിഎൽസിയുമായി സംഘടിപ്പിച്ച മെഗാ ഹൈടെക് ക്രിസ്മസ് കരോൾ മത്സര ഘോഷയാത്രയിലാണ് പാപ്പാ കൂട്ടവും മാലാഖ വൃന്ദവും ആട്ടിടയൻമാരും അണിനിരന്നത്. ജീവനുള്ള കഥാപാത്രങ്ങളെ പുൽക്കൂട്ടിൽ അണിനിരത്തിയായിരുന്നു കരോൾ സംഘങ്ങൾ നടന്നു നീങ്ങിയത്. യേശുവിന്റെ കാലഘട്ടത്തിലെ വേഷവിതാനങ്ങളിൽ പ്രത്യക്ഷപ്പെട്ട കഥാപാത്രങ്ങൾ കുട്ടികളിൽ മാത്രമല്ല വലിയവരിലും ഏറെ കൗതുകമുണർത്തി. മാതാവിനും യൗസേപ്പിതാവിനും പുറമേ ആട്ടിടയന്മാരും പൂജരാജാക്കന്മാരുമുൾപ്പടെയുള്ളവരുടെ പുരാതന വേഷധാരണം കരോളിനെ വേറിട്ടതാക്കി. ഇരിങ്ങാലക്കുട ടൗൺ ഹാൾ പരിസരത്തു വെച്ച് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് മുഖ്യാതിഥിയായിരുന്നു.

തൃശൂർ റൂറൽ എസ്പി നവനീത് ശർമ്മ ഐപിഎസ് വിശിഷ്ടാതിഥിയായിരുന്നു. ബിഷപ് മാർ പോളി കണ്ണൂക്കാടൻ സമ്മാനദാനം നിർവഹിച്ചു. ജെപി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജെ.പി. ബിനോയ്, ജനറൽ കൺവീനർ ഡേവിസ് പടിഞ്ഞാറക്കാരൻ, ഓർഗനൈസിംഗ് സെക്രട്ടറി പി.ജെ. ജോയ്, സിഎൽസി ജോയിന്റ് ഡയറക്ടർ ഫാ. ഹാലിറ്റ് തുലാപറമ്പൻ, അസിസ്റ്റന്റ് വികാരിമാരായ ഫാ. ഗ്ലിഡിൻ പഞ്ഞിക്കാരൻ, ഫാ. ജോസഫ് പയ്യപ്പിള്ളി, കത്തീഡ്രൽ ട്രസ്റ്റി തിമോസ് പാറേക്കാടൻ, കെഎൽഎഫ് നിർമൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ സണ്ണി ഫ്രാൻസിസ് കണ്ടംകുളത്തി, നഗരസഭ കൗൺസിലർമാരായ ഫെനി എബിൻ വെള്ളാനിക്കാരൻ, ഒ.എസ്. അവിനാഷ്, പ്രഫഷണൽ സിഎൽസി പ്രസിഡന്റ് ഒ.എസ്. ടോമി, സീനിയർ സിഎൽസി പ്രസിഡന്റ് കെ.പി. നെൽസൺ, സംസ്ഥാന ജനറൽ സെക്രട്ടറി ഷോബി കെ. പോൾ, കൺവീനർമാരായ ഫ്രാൻസീസ് കീറ്റിക്കൽ, പൗലോസ് കരപറമ്പിൽ, ജോസ് ജി. തട്ടിൽ, വിനു ആന്റണി എന്നിവർ സംസാരിച്ചു.

തിരുപിറവി ആഘോഷത്തോട കരോൾ വീഥിയിൽ.....ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ പ്രഫഷണൽ സിഎൽസിയുടെ സംഘടിപ്പിച്ച കരോൾ മത്സര ഘോഷ യാത്ര. ടൗൺ ഹാളിൽ നിന്നും കത്തീഡ്രലിലേക്കായിരുന്നു ഘോഷയാത്ര.

ബൈക്കുകൾ കൂട്ടിയിടിച്ച് മധ്യവയസ്കർക്ക് പരിക്ക്

കേച്ചേരി: പെരുമണ്ണ് കുരിശുപള്ളിക്കു സമീപം ബൈക്കുകൾ കൂട്ടിയിടിച്ച് മറ്റം നമ്പഴിക്കാട് സ്വദേശി ചിറ്റിലപ്പിള്ളി വീട്ടിൽ ജോർജ്ജ് മകൻ പോൾസൺ (61), വേലൂർ സ്വദേശി പൊറത്തൂർ വീട്ടിൽ പറിഞ്ചു മകൻ അന്തോണി (56) എന്നിവർക്ക് പരിക്കുപറ്റി. പരിക്കുപറ്റിയ ഇരുവരെയും കേച്ചേരി ആക്ട്സ് പ്രവർത്തകർ അമല ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പ്ലാറ്റിനം ജൂബിലി: സൗഹൃദ സംഗമംനടത്തി

തൃശൂർ: എസ് വൈ എസ് പ്ലാറ്റിനം ജൂബിലി സമ്മേളനത്തിന്റെ ഭാഗമായി സമ്മേളന നഗരിയിൽ സൗഹൃദ സംഗമം നടത്തി. സമ്മേളനത്തിന് ആതിഥ്യമേകുന്ന ആമ്പല്ലൂരിന്റെ രാഷ്ട്രീയ മത സാമൂഹിക സാംസ്കാരിക മേഖലകളിൽ നിന്നുള്ള പ്രമുഖർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു. എസ് വൈ എസ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് ത ത്വാഹാ സഖാഫി കുറ്റ്യാടി അധ്യക്ഷത വഹിച്ചു. ഡോ. എ.പി അബ്ദുൽഹക്കീം അസ്ഹരി, സയ്യിദ് തുറാബ് തങ്ങൾ, ഡോ. പി.എ മുഹമ്മദ് ഫാറൂഖ് നഈമി,പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം ബാബുരാജ്,പീപ്പിൾസ് ലൗവ് സംസ്ഥാന സെക്രട്ടറി ഷാജു മംഗലൻ,കുണ്ടുകാവ് ഭഗവതി ക്ഷേത്രം പ്രസിഡന്റ് സി.മുരളി, സെക്രട്ടറി ജി.കലാസാശരൻ,പി.വി ഗോപി, സി.എ ഡേവിസ്, ബയിൻ. പി.ആന്റണി, സി.എ.റാഫി തുടങ്ങിയവർ പ്രസംഗിച്ചു.

നിത്യോപയോഗ സാധനങ്ങൾക്ക് 30 ശതമാനം വരെ വിലക്കുറവുമായി സപ്ലൈകോ സപ്ലൈകോ ക്രിസ്തുമസ് ഫെയർ ഡിസംബർ 30 വരെ

തൃശൂർ: വിലക്കയറ്റത്തിന്റെ കാലത്ത് അവകാശപ്പെട്ട വിഹിതങ്ങൾ പലയിടങ്ങളിൽ നിന്നും ലഭിക്കാഞ്ഞിട്ടും കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തും സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസം നൽകുകയാണ് സപ്ലൈക്കോയുടെ ക്രിസ്തുമസ് ഫെയറിന്റെ ലക്ഷ്യം എന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. സപ്ലൈകോയുടെ ഈ വർഷത്തെ ക്രിസ്തുമസ് ഫെയർ തേക്കിൻക്കാട് മൈതാനിയിൽ വടുക്കുന്നാഥൻ ക്ഷേത്രത്തിന്റെ തെക്കേ ഗോപുരനടയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഉദ്ഘാടന ചടങ്ങിൽ തൃശ്ശൂർ എം.എൽ.എ. പി. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി ആദ്യ വിൽപന നടത്തി. സപ്ലൈകോ പാലക്കാട് മേഖല മാനേജർ ടി. ജെ ആശ, തൃശ്ശൂർ ജില്ലാ സപ്ലൈകോ ഓഫീസ് സീനിയർ സൂപ്രണ്ട് ബേബി സിറാജ് എന്നിവർ സംസാരിച്ചു.

സബ്സിഡി സാധനങ്ങൾക്ക് പുറമേ, ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചു മുതൽ 30 ശതമാനം വരെ വിലക്കുറവാണ് സപ്ലൈകോയിൽ നൽകുക. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉത്പന്നങ്ങൾക്കും പ്രത്യേക വിലക്കുറവ് നല്കും. ഒരു കിലോ ശബരി അപ്പംപൊടി, പുട്ടുപൊടി എന്നിവയ്ക്കും 100 ഗ്രാം ചിക്കൻ മസാല, മീറ്റ് മസാല എന്നിവയ്ക്കും 15 രൂപ വീതം വിലക്കുറവ് ലഭിക്കും.

വിപ്രോ, പ്രോക്ടർ & ഗാംപിൾ, കിച്ചൻ ട്രഷേഴ്സ്, ഐടിസി, കോൾഗേറ്റ്, കെപിഎം നമ്പൂതിരീസ്, റെക്കിറ്റ്, എലൈറ്റ്, ബ്രിട്ടാനിയ, ജ്യോതി ലാബ്സ്, ടീം തായി തുടങ്ങിയ പ്രമുഖ കമ്പനികളുടെ നിത്യോപയോഗ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഓഫറുകളും ക്രിസ്മസിനോട് അനുബന്ധിച്ച് നൽകുന്നു. 150 ലധികം ഉൽപ്പന്നങ്ങൾക്കാണ് ഇത്തരത്തിൽ വൻ വിലക്കുറവും ഓഫറുകളും നൽകുന്നത്.

ജില്ലാ ഫെയറുകളിലും സൂപ്പർ മാർക്കറ്റുകളിലും ഡിസംബർ 21 മുതൽ 30 വരെ ഉച്ചയ്ക്ക് രണ്ടര മുതൽ നാലുവരെ ഫ്ളാഷ് സെയിൽ നടത്തും. സബ്സിഡിയിതര ഉൽപ്പന്നങ്ങൾക്ക് നിലവിൽ നൽകുന്ന ഓഫറിനേക്കാൾ 10 ശതമാനം വരെ അധിക വിലക്കുറവ് ഈ സമയത്ത് ലഭ്യമാകും.

'സ്മൃതി പൊഴിയും കാലം' പ്രകാശനം ചെയ്തു

തൃശൂർ: ടി.സി.നാരായണന്റെ സ്മൃതി പൊഴിയും കാലം എന്ന നോവലിന്റെ പ്രകാശനം കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ.എം.കെ. സുദർശൻ സാഹിത്യകാരൻ സി.ആർ. ദാസിന് നൽകി പ്രകാശനം ചെയ്തു.

റവന്യൂ മന്ത്രി കെ. രാജൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. നടത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ, വൈസ് പ്രസിഡന്റ് പി.ആർ. രജിത്ത്, കെ. ആർ. മോഹനൻ, ഗോപാലകൃഷ്ണൻ, സിനി പ്രദീപ് കുമാർ, ശങ്കര പണിക്കർ തുളസിദാസ്, രാജൻ എലവത്തൂർ പി.കെ. മോഹനൻ കെ.ആർ. വിജയകുമാർ എന്നിവർ പ്രസംഗിച്ചു. ടി.എസ് രവീന്ദ്രൻ സ്വാഗതവും രശ്മി അനിൽ നന്ദിയും പറഞ്ഞു.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 17/2022

ചാവക്കാട് താലൂക്ക് വലപ്പാട് വില്ലേജ് ദേശത്ത് മാരാത്ത് ധർമ്മരത്നം ഭാര്യ 73 വയസ് സീത ധർമ്മരത്നം

-ഹരജിക്കാരി

തൃശൂർ താലൂക്ക് വലപ്പാട് വില്ലേജ് ദേശത്ത് മാരാത്ത് ധർമ്മരത്നം മകൻ 50 വയസ് രഞ്ജിത്ത് ബാബു (ഇപ്പോൾ അബുദാബിയിൽ മുഹമ്മദ് ബീൻ സയ്യിദ് സിറ്റി സോൺ 19 വില്ല അബുദാബി UAE)

- എതൃകക്ഷി

മേൽ നമ്പറിൽ ഹരജിക്കാരിക്ക് മേല്ക്കടെ-കീഴ്ക്കടെ ജീവനാംശം ലഭിക്കുന്നതിന് ഹരജി ഫയലാക്കിയിട്ടുള്ളതും ടി കേസ് 28-12-2024 തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേദിവസം രാവിലെ 11 മണിക്ക് നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 21-12-2024

ഹരജിഭാഗം അഡ്വക്കെറ്റ്

മനോജ് പി എസ്

കുന്നംകുളം (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 798/2023

ദീപ്തി

-ഹരജിക്കാരി

തൃശൂർ ജില്ല ചാവക്കാട് താലൂക്ക്പുന്ന